CIN: U91990KL1988SGC004978

Rs. 100/-

# കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ക്ലിപ്തം

(വനിതാ ശിശു വികസന വകുപ്പ്, കേരള സർക്കാർ)

## ദേശീയ സഫായ് കരംചാരി മഹിള സമൃദ്ധി യോജന

## മൈക്രോ ക്രെഡിറ്റ് വായ്പയ്ക്കുള്ള പ്രാരംഭ അപേക്ഷാഫാറം

1) സി.ഡി.എസ്.ന്റെ പേര് :

2) മേൽവിലാസം :

പിൻകോഡ് :

3) താലൂക്ക് :

4) ജില്ല :

5) ഫോൺ നം. :

6) ഇ–മെയിൽ വിലാസം :

7) സി.ഡി.എസ്.ന്റെ രജിസ്ട്രേഷൻ നം. :
(രജിസ്ട്രേഷൻ നടന്ന വർഷം സഹിതം)

8) പാൻ നം. :

9) ചെയർപേഴ്സന്റെ പേര് :

മൊബൈൽ നം. :

10) സെക്രട്ടറിയുടെ പേര് :

പൂർണ്ണമേൽവിലാസം :

ഫോൺ നം. :

ആധാർ നം. :

11) എം.ഇ. യൂണിറ്റുകളുടെ പ്രവർത്തന കാലയളവ് :

| **പ്രവർത്തന കാലയളവ്** | **എണ്ണം** |
|---|---|
| ഒരു വർഷം വരെ | |
| ഒരു വർഷത്തിന് മുകളിൽ | |
| **ആകെ** | |

12) സി.ഡി.എസ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടപ്പിലാക്കിയിട്ടുള്ള സാമൂഹ്യ സാമ്പത്തിക വികസന പരിപാടികളുടെ വിശദ വിവരങ്ങൾ

| വർഷം | പരിപാടിയുടെ പേര് | ധനസഹായം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

13) മൈക്രോ ക്രെഡിറ്റ് പദ്ധതി നിർവ്വഹണത്തിലുള്ള മുൻ പരിചയം

| വർഷം | എം.ഇ, യൂണിറ്റുകളുടെ എണ്ണം | ആകെ ലഭിച്ച ധന സഹായം | നടപ്പിലാക്കിയ പദ്ധതി | തിരിച്ചടവിലുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

14) ബാലൻസ് ഷീറ്റ് പ്രകാരമുള്ള സി.ഡി.എസ്.ന്റെ സാമ്പത്തിക നില

| സാമ്പത്തിക വർഷം | **വർഷം 1** | **വർഷം 2** | **വർഷം 3** |
|---|---|---|---|
| | 2017–18 | 2018–19 | 2019–20 |
| 1) സ്ഥിരം ആസ്തി | | | |
| 2) കറന്റ് ആസ്തി | | | |
| 3) വായ്പകൾ | | | |
| 4) റവന്യൂ & സർപ്ലക്സ് | | | |
| 5) മറ്റ് ബാധ്യതകൾ | | | |

15) അപേക്ഷിക്കുന്ന വായ്പാ തുക :

16) ആരംഭിക്കുന്ന പദ്ധതിയുടെ വിവരങ്ങൾ –

---

**<u>സാക്ഷ്യപത്രം</u>**

ഈ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യവും വസ്തുതാപരവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. വായ്പാ വിതരണത്തന് അർഹരായ ഹരിതകർമ്മ സേനയുടെയും, വ്യക്തിഗത ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ, ......................................... നകം ആവശ്യമായ മറ്റ് രേഖകൾ സഹിതം ഇവ ......................................... നകം കോർപ്പറേഷന്റെ മേഖലാ ഓഫീസിൽ നേരിട്ട് സമർപ്പിക്കുന്നതാണ്.

മെമ്പർ സെക്രട്ടറി ചെയർപേഴ്സൺ

സ്ഥലം :

തീയതി :

## കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
### തിരുവനന്തപുരം

## ദേശീയ സഫായ് കരംചാരി ധനകാര്യ വികസന കോർപ്പറേഷൻ
## മഹിളാ സമൃദ്ധി യോജന

# മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സി.ഡി.എസ്.കൾക്ക് അനുവദിക്കുന്ന മൈക്രോ ക്രെഡിറ്റ് വായ്പയുടെ മാർഗ്ഗരേഖകളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1) പ്രാഥമിക അപേക്ഷാ ഫാറം കോർപ്പറേഷന്റെ www.kswdc.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2) ദേശീയ സഫായ് കരംചാരി ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) യുടെ ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

3) **പരമാവധി വായ്പാ തുക**

| | | |
|---|---|---|
| ഒരു സി.ഡി.എസ്.ന് | – | 150 ലക്ഷം രൂപ വരെ |
| ശുചീകരണ തൊഴിലാളികളുടെ ഒരു ചെറു സംരംഭക യൂണിറ്റിന് (എം.ഇ. യൂണിറ്റ്) | – | 6 ലക്ഷം രൂപ വരെ |
| ഒരു അംഗത്തിന് | – | 60,000/- രൂപ വരെ |

| NSKFDC | കേന്ദ്ര വിഹിതം | കോർപ്പറേഷൻ വിഹിതം | ഗുണഭോക്താക്കളുടെ വിഹിതം |
|---|---|---|---|
| മഹിളാ സമൃദ്ധി യോജന | 90% | 10% | ഇല്ല |

കോർപ്പറേഷനിൽ നിന്നും ഇതിന് മുമ്പ് മൈക്രോ ക്രെഡിറ്റ് വായ്പ എടുത്തിട്ടുള്ള എം.ഇ. യൂണിറ്റിനും പുതിയ വായ്പയ്ക്ക് അർഹതയുണ്ട്. എം.ഇ. ഒരു വായ്പയുടെ തിരിച്ചടവ് പൂർത്തീകരിച്ച ശേഷമേ തുടർ വായ്പയ്ക്ക് അർഹതയുള്ളൂ.

4) (i)ഒരു ചെറു സംരംഭക യൂണിറ്റിന് (ശുചീകരണ തൊഴിലാളികളുടെ) അനുവദിക്കാവുന്ന പരമാവധി വായ്പാ തുക എം.ഇ. യൂണിറ്റ് മിച്ച സമ്പാദ്യത്തിന്റെ (thrift) 5 ഇരട്ടിയിൽ നിന്നും നിലവിലുള്ള കടബാധ്യത കുറച്ചാൽ കിട്ടുന്ന തുകയുടെ 75% ത്തിൽ കൂടാൻ പാടുള്ളതല്ല. കടബാധ്യത കണക്കാക്കുന്നതിന് അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിൽ നിന്നുള്ള ആന്തരിക വായ്പ (internal lending) പരിഗണിക്കേണ്ടതില്ല.

(ii)പുതുതായി രൂപീകരിച്ച ഹരിതകർമ്മ സേനകൾക്ക് (എം.ഇ.യൂണിറ്റ്) 4(i) ബാധകമല്ല.

5) **<u>പലിശ നിരക്ക്</u>**

| | | |
|---|---|---|
| സി.ഡി.എസ്. | – | 3% (വാർഷികം) |
| എം.ഇ. യൂണിറ്റ് | – | 4% („) |

6)

| | | |
|---|---|---|
| എ)തിരിച്ചടവ് കാലാവധി | – | 36 മാസം |
| ബി)മോറോട്ടോറിയം | – | മൂന്ന് മാസം |

7) കുടുംബശ്രീയുടെ സി.ഡി.എസ്.ന് കീഴിൽ രജിസ്ട്രർ ചെയ്ത വനിതാ ശുചീകരണ അംഗങ്ങളുടെ ഗ്രൂപ്പുകൾക്കാണ് (എം.ഇ. യൂണിറ്റ്) ഈ വായ്പ അർഹതയുള്ളത്. ഓരോ എം.ഇ. യൂണിറ്റിലും (JLG) സംരംഭ ഗ്രൂപ്പിലും 4 മുതൽ 10 വരെ ഹരിത കർമ്മ സേന അംഗങ്ങൾ ഉൾപ്പെടുന്നു. ഈ ഗ്രൂപ്പുകൾ സി.ഡി.എസ്. മുഖേനയാണ് മേഖലാ ഓഫീസിൽ വായ്പയ്ക്കായി അപേക്ഷ നൽകുക. പുതിയതായി രജിസ്ട്രർ ചെയ്ത ഗ്രൂപ്പുകൾക്കും വായ്പ അർഹതയുണ്ട്.

8) സി.ഡി.എസ്. പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വായ്പ നൽകാൻ അർഹരായ ഹരിത കർമ്മ സേന സംരംഭ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കേണ്ടതും ഇതേ മാതൃകയിൽ വായ്പ നൽകാൻ ഉദ്ദേശിക്കുന്ന അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുമാണ്.

9) വിശദമായ അപേക്ഷ പരിശോധിച്ച് മേഖലാ മാനേജർമാർക്ക് പ്രാഥമിക അംഗീകാരം നൽകുന്നതാണ്.

10) പ്രാഥമിക അംഗീകാരം ലഭിച്ചാൽ ഉടനെ സി.ഡി.എസ്.കൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഹരിത കർമ്മ സേനാ ഗ്രൂപ്പുകളിൽ നിന്നും നിർദ്ദിഷ്ഠ മാതൃകയിൽ രേഖപ്പെടുത്തി അനുമതി നൽകേണ്ടതും, അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. അതുപോലെ തന്നെ ഹരിത കർമ്മ സേന ഗ്രൂപ്പുകൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളിൽ നിന്നും നിർദ്ദിഷ്ഠ മാതൃകയിൽ വായ്പ അപേക്ഷ വാങ്ങിക്കേണ്ടതും അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. ടി രേഖകൾ സി.ഡി.എസ്. സൂക്ഷിക്കേണ്ടതും ഏത് ഘട്ടത്തിനും കോർപ്പറേഷൻ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

11) പ്രാഥമിക അംഗീകാരം ലഭിച്ച് 10 ദിവസത്തിനകം ചുവടെ ചേർക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് പദ്ധതി നിബന്ധനകൾക്ക് അനുസൃതമല്ലെങ്കിൽ ഭേദഗതി ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

- ➢ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ശുപാർശ (നിശ്ചിത ഫോർമാറ്റിൽ)
- ➢ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ഓഡിറ്റ് അക്കൗണ്ട്സ്, (ബാലൻസ് ഷീറ്റ്, P & L A/c, cash flow statement) വാർഷിക റിപ്പോർട്ട്
- ➢ സി.ഡി.എസ്. ജനറൽ ബോഡി/എക്സിക്യൂട്ടീവ് മൈക്രോ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ ചെയർപേഴ്സൺ & മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ➢ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബൈ ലോയുടെ പകർപ്പ്
- ➢ ചെയർപേഴ്സന്റെ ബയോ ഡാറ്റാ

- ➢ കമ്മറ്റി ഭാരവാഹികളുടെ പേരും, തസ്തികയും, മേൽവിലാസവും (ഫോൺ നം. ലാന്റ് മാർക്ക് ഉൾപ്പെടെ)
- ➢ എം.ഇ. യൂണിറ്റുകൾ സി.ഡി.എസ്.ൽ നിന്നും വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ സി.ഡി.എസ്., ചെയർപേഴ്സൺ & സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ➢ സി.ഡി.എസ്. എം.ഇ. യൂണിറ്റുകളുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
- ➢ തെരഞ്ഞെടുക്കപ്പെട്ട ചെറു സംരംഭക യൂണിറ്റിന്റെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ (മേൽവിലാസം പ്രൂഫ് സഹിതം)
- ➢ നിർദ്ദിഷ്ഠ ഗ്രേഡിംഗ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ ചെറു സംരംഭക യൂണിറ്റിനെ വിലയിരുത്തിയ റിപ്പോർട്ട്
- ➢ മിച്ച സമ്പാദ്യം പരിശോധിക്കുന്നതിന് സമ്പാദ്യ രജിസ്റ്ററിന്റെ സി.ഡി.എസ്. ചെയർപേഴ്സൺ & സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഗുണഭോക്തൃ പട്ടിക (നിർദ്ദിഷ്ഠ മാതൃകയിൽ) എന്നിവ നൽകേണ്ടതാണ്.

12) സമർപ്പിക്കപ്പെട്ട രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം വായ്പ വിതരണ ഉത്തരവിനായി ഹെഡ് ഓഫീസിൽ മേഖലാ മാനേജരുടെ ശുപാർശയോടെ അനുമതി ഉത്തരവിനായി നൽകേണ്ടതാണ്. വായ്പാ അനുമതി ലഭിച്ച് കഴിഞ്ഞാൽ ഗുണഭോക്തൃ പട്ടിക ഭേദഗതി ചെയ്യാൻ അനുവദിക്കുന്നതല്ല.

13) സി.ഡി.എസ്. തെരഞ്ഞെടുക്കപ്പെട്ട എം.ഇ. യൂണിറ്റിലെ അംഗങ്ങളുമായി നിശ്ചിത ഫോർമാറ്റിൽ ഇന്റർ സെ കരാറിൽ ഏർപ്പെടേണ്ടതും ആയത് മേഖലാ ഓഫീസിൽ വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് ഹാജരാക്കേണ്ടതുമാണ്.

14) വായ്പാ കരാറിൽ ഏർപ്പെട്ട ശേഷം സി.ഡി.എസ്. ന് വായ്പാ തുക സി.ഡി.എസ്. ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. സി.ഡി.എസ്. 15 ദിവസത്തിനകം വായ്പാ തുക എം.ഇ. യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്. അയൽക്കൂട്ടങ്ങൾ 15 ദിവസത്തിനകം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടതുമാണ്. മേഖലാ മാനേജർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

15) കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ്, സി.ഡി.എസ്.കളുടെ പ്രവർത്തനം പരിശോധിക്കുകയും, മേഖലാ മാനേജർക്ക് മാസംതോറും റിപ്പോർട്ട് നൽകേണ്ടതുമാണ്. ആവശ്യം തോന്നുന്നപക്ഷം മേഖലാ മാനേജർമാരെ ഓരോ മാസവും സി.ഡി.എസ്. ന്റെ അവലോകന യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

16) സി.ഡി.എസ്./എം.ഇ.യൂണിറ്റ് എന്നിവർ വായ്പാ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വായ്പാ വിതരണം, തിരിച്ചടവ് തുടങ്ങിയ മുഴുവൻ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

17) വ്യക്തിഗത ഗുണഭോക്താക്കൾക്ക് വായ്പാ വിതരണം ചെയ്ത് 15 ദിവസത്തിനകം നിർദ്ദിഷ്ഠ മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

18) സി.ഡി.എസ്. ന് തുക ലഭിച്ച് 15 ദിവസത്തിനകം വിനിയോഗിക്കാത്ത തുക സി.ഡി.എസ്. തുകയും തുക ലഭ്യമായ ദിവസം മുതൽ വാർഷിക പലിശ 6% പിഴപലിശ സഹിതം ടി സമയ പരിധിയ്ക്ക് ശേഷം 15 ദിവസത്തിനകം കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്.

19) പദ്ധതിയുടെ ഏത് ഘട്ടത്തിലും കോർപ്പറേഷന്റെ/ദേശീയ ഏജൻസികളുടെ ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ഇതിനായി നിയോഗിക്കുന്ന ഏജൻസികൾക്കോ ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിനും ഗുണഭോക്താക്കളെ നേരിൽ കണ്ട് വായ്പാ വിനിയോഗം പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

20) കോർപ്പറേഷൻ നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ, പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ചെറു സംരംഭക യൂണിറ്റുകൾ, വ്യക്തിഗത ഗുണഭോക്താക്കൾ എന്നിവരുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും സി.ഡി.എസ്.ന്റെ ബാധ്യതയാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോധ്യപ്പെട്ടാൽ വായ്പയുടെ ദുർവിനിയോഗമായി കണക്കാക്കുന്നതും, ദുർവിനിയോഗപ്പെട്ട തുക വായ്പ അനുവദിക്കപ്പെട്ട തീയതി മുതൽ പ്രാബല്യത്തോടെ പദ്ധതി പ്രകാരമുള്ള പലിശയും, 6% പിഴപ്പലിശയോടു കൂടി തിരിച്ചടക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുക ഒന്നിച്ചോ ഗഡുക്കളായോ തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ആവശ്യമാണെന്ന് കാണുന്നപക്ഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

21) വായ്പാ തുകയുടെ 0.25% പ്രോസസിംഗ് ഫീസായി ഈടാക്കുന്നതാണ്. എന്നാൽ പരമാവധി പ്രോസസിംഗ് ഫീസ് 5000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു സി.ഡി.എസ്. ന് ഒന്നിലേറെ ഫണ്ടുകളിൽ നിന്നും ഒരേ ദിവസം വായ്പ അനുവദിക്കുമ്പോൾ ആകെ അനുവദിക്കുന്ന വായ്പാ തുകയുടെ അടിസ്ഥാനത്തിൽ പ്രോസസിംഗ് ഫീസ് കണക്കാക്കുന്നതാണ്. വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് പ്രോസസിംഗ് ഫീസും അപേക്ഷ ഫാറത്തിന്റെ വിലയായി 100 രൂപയുടെ ഒടുക്കേണ്ടതാണ്.

22) സി.ഡി.എസ്. അപേക്ഷ സമർപ്പിക്കുമ്പോൾ അതാത് ജില്ലാ മിഷൻ ഓഫീസിന്റെ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്. വരുമാന മാനദണ്ഡങ്ങൾ ഇല്ലാത്തതിനാൽ അംഗങ്ങൾ ശുചീകരണവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരാണ് എന്നത് സി.ഡി.എസ്. ഉറപ്പ് വരുത്തി ശുപാർശ ചെയ്യേണ്ടതാണ്.

* * *

## NSKFDC – Mahila Samrudhi Yojana

## Beneficiary List Format

| Sl. No. | Group Name | Beneficiary Name | Father/Husband Name | Gender | Age | Address | Mobile Number | Aadhar Number | Loan Amount | Activity Name | NSKFDC Scheme |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | Mahila Samrudhi Yojana |